ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 11.01.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ഇന്ത്യയുടെ ആത്മാഭിമാനത്തിന്റെയും ചൈതന്യത്തിന്റെയും പ്രതിഫലനമാണ് ഗുജറാത്തിലെ സോമനാഥക്ഷേത്രമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**PM Narendra Modi says Somnath Temple in Gujarat is a reflection of India's self-respect and spirit.**

2) കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും വിശ്വാസ സംരക്ഷണം ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ; തദ്ദേശ തിരഞ്ഞെടുപ്പിൽ വിജയിച്ച ബി ജെ പി പ്രവർത്തകരെ കേന്ദ്ര മന്ത്രി അഭിസംബോധന ചെയ്തു.

**Union Govt's aims to ensure the protection of the faith of all sections of people in Kerala, says Home Minister Amit Shah ; Union Minister addresses the elected BJP members of civic bodies.**

3) നാല് കോടിയിലധികം രജിസ്ട്രേഷനുകൾ നേടി, ഗിന്നസ് റെക്കോർഡ് മറികടന്ന് പ്രധാനമന്ത്രി നയിക്കുന്ന പരീക്ഷ പേ ചർച്ച 2026.

**Pariksha Pe Charcha 2026 records over 4 crore registrations, surpassing last year's Guinness World Record.**

4) മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ശബരിമല സന്നിധാനത്ത് ഒരുക്കങ്ങൾ പുരോഗമിക്കുന്നു. എരുമേലി പേട്ടതുള്ളൽ ആരംഭിച്ചു.

**Preparations are progressing at Sabarimala Sannidhanam for Makaravilakku festival. Erumeli Pettathullal begins**

5) അതിർത്തി കടന്നുള്ള കള്ളക്കടത്ത് സംബന്ധിച്ച സംഭവ പരമ്പരകളെത്തുടർന്ന് ജമ്മുകശ്മീരിലെ അന്താരാഷ്ട്ര അതിർത്തിയിലും നിയന്ത്രണ രേഖയിലും ജാഗ്രത ശക്തമാക്കി സുരക്ഷാ സേന.

**Security forces steps up vigil on the International Border and LoC in Jammu and Kashmir following a series of incidents related to cross-border smuggling**

6) ഇന്ത്യ ന്യൂസിലൻഡ് പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കമാകും; വനിത പ്രീമിയർ ലീഗ് ടി 20 ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ്-ഗുജറാത്ത് ജയന്റ്സ് പോരാട്ടം.

**India-New Zealand men's ODI cricket series to begin today; Delhi Capitals will face-Gujarat Giants in Women's Premier League T20 cricket.**

☸☸☸☸☸☸☸☸☸☸☸☸

## REV. PM-GUJARAT

ചരിത്രപ്രസിദ്ധമായ സോമനാഥ് സ്വാഭിമാൻ പർവിന്റെ ഭാഗമായി ഗുജറാത്തിലെ പ്രഭാസ് പടാനിൽ സംഘടിപ്പിച്ച മഹാ 'ശൗര്യ യാത്ര'ക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നേതൃത്വം നൽകി. നൂറ്റാണ്ടുകളായി സോമനാഥ ക്ഷേത്രം സംരക്ഷിച്ച എണ്ണമറ്റ യോദ്ധാക്കളോടുള്ള ആദരസൂചകമായി 108 കുതിരകൾ അണിനിരന്ന ആചാരപരമായ ഘോഷയാത്രയായിരുന്നു ഇത്. ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ, ഉപമുഖ്യമന്ത്രി ഹർഷ് സംഘവി എന്നിവരും യാത്രയിൽ പ്രധാനമന്ത്രിയോടൊപ്പം പങ്കുചേർന്നു. സോമനാഥ ക്ഷേത്രം സംരക്ഷിക്കുന്നതിനായി ജീവൻ ബലിയർപ്പിച്ച എണ്ണമറ്റ യോദ്ധാക്കൾക്ക് പ്രധാനമന്ത്രി ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഗുജറാത്ത് സന്ദർശനത്തിൻറെ ഭാഗമായി ഇന്ന് ഉച്ചയ്ക്ക് ശേഷം രാജ്കോട്ടിൽ നടക്കുന്ന വൈബ്രന്റ് ഗുജറാത്ത് മേഖലാ സമ്മേളനത്തിലും പ്രധാനമന്ത്രി പങ്കെടുക്കും.

(വോയ്സ്)

☸☸☸☸☸☸☸☸☸☸☸☸

## AMIT SHAH-KERALA

കേരള സന്ദർശനത്തിനെത്തിയ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് തിരുവനന്തപുരത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കുന്നു. തദ്ദേശ തിരഞ്ഞെടുപ്പിൽ വിജയിച്ച ബിജെപി ജനപ്രതിനിധികളുടെ യോഗത്തെ അദ്ദേഹം ഇപ്പോൾ അഭിസംബോധന ചെയ്യുകയാണ്. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും വിശ്വാസ സംരക്ഷണം ഉറപ്പാക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു. വികസിത ഭാരതം വികസിത കേരളത്തിലൂടെ മാത്രമേ സാധ്യമാകു എന്നും അദ്ദേഹം വ്യക്തമാക്കി. ഇന്നലെ രാത്രി തിരുവനന്തപുരത്ത് എത്തിയ കേന്ദ്ര മന്ത്രി ഇന്ന് രാവിലെ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ദർശനം നടത്തി. ഉച്ചയ്ക്ക് കേരള കൗമുദി കോൺക്ലേവ് ഉദ്ഘാടനവും ശ്രീ ഷാ നിർവഹിക്കും. എൻഡിഎ നേതൃയോഗത്തിലും ബിജെപി സംസ്ഥാന കോർ കമ്മറ്റി യോഗത്തിലും പങ്കെടുക്കുന്ന അദ്ദേഹം, ഇന്ന് രാത്രി ഡൽഹിക്ക് മടങ്ങും. സന്ദർശനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഇന്നു വൈകിട്ട് 6 മണി വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

## JAISHANKAR VISIT

യൂറോപ്പുമായുള്ള ഇന്ത്യയുടെ നയതന്ത്ര ബന്ധം ശക്തമാക്കുന്നതിൻ്റെ ഭാഗമായി വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ ഫ്രാൻസ്, ലക്സംബർഗ് എന്നിവിടങ്ങളിൽ സന്ദർശനം നടത്തി. ഫ്രഞ്ച് പ്രസിഡൻ്റ് ഇമ്മാനുവൽ മാക്രോയുമായി കൂടിക്കാഴ്ച നടത്തിയ അദ്ദേഹം, ഇരുരാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തത്തെക്കുറിച്ച് ചർച്ചകൾ നടത്തി. സാങ്കേതികവിദ്യ, സ്റ്റാർട്ടപ്പുകൾ, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ സഹകരണം വർദ്ധിപ്പിക്കാൻ ഇരുപക്ഷവും ധാരണയായി.

## Pariksha Pe Charcha

വീണ്ടും റെക്കോർഡ് സൃഷ്ടിച്ച് പരീക്ഷ പേ ചർച്ച. ഇതുവരെ നാല് കോടിയിലധികം പേരാണ് ഇത്തവണത്തെ പരിപാടിയിലേക്കു

രജിസ്റ്റർ ചെയ്തത്. കഴിഞ്ഞ വർഷത്തെ ഗിന്നസ് വേൾഡ് റെക്കോർഡായ 3.56 കോടിയെ മറികടന്നു. വാർഷിക ആശയവിനിമയത്തിൽ നിന്ന് വിദ്യാർത്ഥികൾക്ക് സമ്മർദ്ദരഹിത പരീക്ഷാ അന്തരീക്ഷം പ്രോത്സാഹിപ്പിക്കുന്ന രാജ്യവ്യാപക പ്രസ്ഥാനമായി ഈ സംരംഭം വളർന്നുവെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ പറഞ്ഞു. വിദ്യാർത്ഥികളോട്, ഈ വർഷത്തെ പതിപ്പിൽ സജീവമായി പങ്കുചേരാനും, പരീക്ഷ അടുക്കുമ്പോൾ ആത്മവിശ്വാസം, സമ്മർദ്ദ നിയന്ത്രണം എന്നിവയെക്കുറിച്ചുള്ള പ്രധാനമന്ത്രിയുടെ മാർഗ്ഗനിർദ്ദേശത്തിൽ നിന്ന് പ്രയോജനം നേടാനും മന്ത്രി അഭ്യർത്ഥിച്ചു.

☸☸☸☸☸☸☸☸☸☸☸☸

## MANDAVIYA-SUNDAYS ON CYCLE (INTRO)

56-ാമത് ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിൾ പരിപാടിയുടെ ഭാഗമായി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച സൈക്കിൾ റാലിയിൽ കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ പങ്കെടുത്തു. രാജ്യത്തിൻ്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യുവനേതാക്കളും ചടങ്ങിൽ പങ്കെടുത്തു. ഫിറ്റ്നസും ആരോഗ്യവുമുള്ള യുവജനങ്ങൾക്ക് രാജ്യത്തിൻ്റെ വികസനത്തിന് നേതൃത്വം നൽകാൻ കഴിയുമെന്ന് ശ്രീ മൻസുഖ് മാണ്ഡവ്യ പറഞ്ഞു.
(വോയ്സ്)

☸☸☸☸☸☸☸☸☸☸☸☸

## PM-PRAGATI

രാജ്യത്ത് സമയബന്ധിതമായ പദ്ധതി വികസനം ഉറപ്പാക്കുന്നതിനായി 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കംകുറിച്ച പ്രഗതി സംരംഭം 50-ാമത് അവലോകന യോഗമെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. പ്രഗതിയുടെ കീഴിൽ വിജയകരമായി പൂർത്തിയാക്കിയ പദ്ധതികളിൽ ഒന്നാണ് റെയിൽവേ മന്ത്രാലയത്തിന്റെ ജബൽപൂർ-ഗോണ്ടിയ ഗേജ് പരിവർത്തന പദ്ധതി. ഏകദേശം 285 കിലോമീറ്റർ ദൈർഘ്യമുള്ള പദ്ധതി നിർമാണ കാലയളവിൽ തുടർച്ചയായ വെല്ലുവിളികൾ നേരിട്ടു. 2016 മാർച്ചിൽ, പദ്ധതി പ്രഗതി സംവിധാനത്തിന് കീഴിൽ

ഏറ്റെടുത്തതോടെ ഭൂമി കൈമാറ്റം ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ അതിവേഗം നടപ്പാക്കി പദ്ധതി 2021 മാർച്ചിൽ കമ്മീഷൻ ചെയ്യു.

☸☸☸☸☸☸☸☸☸☸☸☸

## J and K DRONE ARMS

ജമ്മു കശ്മീരിൽ, അതിർത്തി കടന്നുള്ള കള്ളക്കടത്ത് സംബന്ധിച്ച സംഭവ പരമ്പരകളെത്തുടർന്ന് അന്താരാഷ്ട്ര അതിർത്തിയിലും നിയന്ത്രണ രേഖയിലും സുരക്ഷാ സേന ജാഗ്രത ശക്തമാക്കി. ഗുരേസ്, ഉറി, കർണ്ണ, തങ്ധർ മേഖലകൾ ഉൾപ്പെടെയുള്ള പ്രധാന അതിർത്തി മേഖലകളും ജമ്മു മേഖലയിലെ നിർണായക പ്രദേശങ്ങളും കർശന നിരീക്ഷണത്തിലാണ്. അതിനിടെ സാംബ ജില്ലയിലെ അതിർത്തിക്ക് സമീപം പാകിസ്ഥാൻ ഡ്രോൺ മുഖേന നിക്ഷേപിച്ച ആയുധങ്ങളും വെടിക്കോപ്പുകളും അതിർത്തി സുരക്ഷാ സേന കണ്ടെടുത്തു.

☸☸☸☸☸☸☸☸☸☸☸☸

## VIZHINJAM ELECTION

കേരളത്തിൽ സ്ഥാനാർഥികളുടെ നിര്യാണത്തെത്തുടർന്ന് തിരഞ്ഞെടുപ്പ് മാറ്റിവച്ച, തിരുവനന്തപുരം കോർപറേഷനിലെ വിഴിഞ്ഞം വാർഡ് ഉൾപ്പെടെയുള്ള മൂന്ന് തദ്ദേശ സ്ഥാപന വാർഡുകളിലേക്കുള്ള വോട്ടെടുപ്പ് നാളെ നടക്കും. നാളെ രാവിലെ 7 മുതൽ വൈകിട്ട് 6 വരെയാണ് വോട്ടെടുപ്പ്. വിഴിഞ്ഞത്തിന് പുറമേ മലപ്പുറം മൂത്തേടം ഗ്രാമപ്പഞ്ചായത്തിലെ പായിമ്പാടം, എറണാകുളം പാമ്പാക്കുട ഗ്രാമപ്പഞ്ചായത്തിലെ ഓണക്കൂർ എന്നിവിടങ്ങളിലാണ് വോട്ടെടുപ്പ് നടക്കുന്നത്. ചൊവ്വാഴ്ചയാണു വോട്ടെണ്ണൽ.

☸☸☸☸☸☸☸☸☸☸☸☸

## SABARIMALA (INTRO)

ശബരിമലയിൽ മകരവിളക്കിനു രണ്ടുനാൾ മാത്രം ബാക്കി നിൽക്കെ പർണശാലകൾ ഒരുക്കി തീർഥാടകർ. എരുമേലിയിൽ പേട്ടതുള്ളൽ ആരംഭിച്ചു. പന്തളത്തുനിന്നു നാളെ പുറപ്പെടുന്ന തിരുവാഭരണ ഘോഷയാത്രക്കുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രിതിനിധി ശ്രീജി എസ് ശ്രീധർ..
(വോയ്സ്)

## INDIA-NZ CRICKET

ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കമാകും. വഡോദരയിൽ ഉച്ചയ്ക്ക് 1.30നാണ് ആദ്യ മത്സരം. പരമ്പരയിൽ ആകെ മൂന്ന് മത്സരങ്ങളാണുള്ളത്.

## CRICKET WPL

വനിത പ്രീമിയർ ലീഗ് ടി 20 ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ്-ഗുജറാത്ത് ജയന്റ്സിനെ നേരിടും. നവി മുംബൈ ഡി വൈ പാട്ടിൽ സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

## DISCUSSION

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യും. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. ജിഎസ്ടി പരിഷ്കാരങ്ങളെ കുറിച്ചുളള ചർച്ച ഇന്ന് രാത്രി 11ന് പ്രക്ഷേപണം ചെയ്യും.

## DAY. X COMPLIANCE

ഉള്ളടക്ക ക്രമീകരണത്തിലെ തെറ്റുകളും പോരായ്മകളും അംഗീകരിച്ച് സമൂഹ മാധ്യമ പ്ലാറ്റ്ഫോമായ എക്സ്. നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുമെന്ന് കമ്പനി വ്യക്തമാക്കിയതായി കേന്ദ്ര സർക്കാർ അറിയിച്ചു. മോശം ഉള്ളടക്കത്തിന്റെ ആശങ്ക ഉന്നയിച്ച് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം എക്സിന് നോട്ടീസ് നൽകിരുന്നു.

☸☸☸☸☸☸☸☸☸☸☸☸

## MYANMAR RESCUE

തൊഴിൽതട്ടിപ്പിനെ തുടർന്ന് മ്യാൻമറിൽ കുടുങ്ങിയ 27 ഇന്ത്യൻ പൗരന്മാരെ സുരക്ഷിതമായി മോചിപ്പിച്ചു. ഇന്ത്യക്കാരെ ജോലിക്കെന്ന വ്യാജേന എത്തിച്ച് സൈബർ കുറ്റകൃത്യങ്ങൾ ചെയ്യാൻ നിർബന്ധിതരാക്കുകയായിരുന്നു. രക്ഷപ്പെടുത്തിയ ഇന്ത്യൻ പൗരൻമാർ ഇന്നലെ ഡൽഹിയിൽ എത്തി.

☸☸☸☸☸☸☸☸☸☸☸☸

## MYANMAR– GENERAL ELECTION

മ്യാൻമറിൽ പൊതുതിരഞ്ഞെടുപ്പിൻറെ രണ്ടാം ഘട്ടത്തിലേക്കുള്ള വോട്ടെടുപ്പ് ആരംഭിച്ചു. രാജ്യത്തുടനീളമുള്ള 100 ടൗൺഷിപ്പുകളിലെയ്ക്കാണ് രണ്ടാം ഘട്ട വോട്ടെടുപ്പ് നടക്കുന്നത്. സായുധ സംഘട്ടനങ്ങൾ കാരണം മ്യാൻമറിൽ മൂന്ന് ഘട്ടങ്ങളിലായാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്.

☸☸☸☸☸☸☸☸☸☸☸☸

## RUSSIA – UKRAINE

റഷ്യ – യുക്രൈൻ സംഘർഷം ചർച്ച ചെയ്യുന്നതിനായി ഐക്യരാഷ്ട്രസഭ സുരക്ഷാ സമിതി തിങ്കളാഴ്ച അടിയന്തര യോഗം ചേരും. യുക്രൈൻ വിദേശകാര്യ മന്ത്രി ആൻഡ്രി സിബിഹയാണ് ഇക്കാര്യം അറിയിച്ചത്. അതിനിടെ, റഷ്യയുടെ തെക്കൻ നഗരമായ വൊറോനെഷിൽ ഇന്നലെ യുക്രൈൻ ഡ്രോൺ ആക്രമണം നടത്തി. യുക്രേനിയൻ നഗരങ്ങളിൽ റഷ്യ നടത്തുന്ന ആക്രമണങ്ങൾക്ക് മറുപടിയാണിതെന്ന് യുക്രൈൻ പ്രതികരിച്ചു.

☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸

☸☸☸☸